**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**
**Hazrat Khalifathullah Munir Ahmad Azim (A)**
**03 February 2017 / 05 Jamadul Awwal 1438 AH)**

# LOVE ONE ANOTHER / പരസ്പരം സ്നേഹിക്കുക

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറാ അൽഫാതിഹ ഓതിയ ശേഷം **പരസ്പരം സ്നേഹിക്കുക** എന്ന വിഷയത്തെ ആസ്പദമാക്കി ഖുത്തുബ ആരംഭിച്ചു.

എന്റെ വെള്ളിയാഴ്ച ഖുത്തുബ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ അംഗങ്ങൾക്കും മറ്റെല്ലാവർക്കും വേണ്ടിയാണ്. നിങ്ങളിൽ ഓരോരുത്തരും പരസ്പരം സ്നേഹിക്കണം, വിശ്വസ്തതപുലർത്തണം, ഇസ്ലാമിക വഴി (സമാധാനവഴി) പിന്തുടരണം, തന്നെക്കുറിച്ചുള്ള അറിവ് നേടണം. മുസ്ലിം എന്ന് അല്ലാഹു (ത) പേരുവച്ച ഓരോരുത്തരും ഇന്ന് ഭൗതികതയുടെ നിയന്ത്രണത്തിൻ പിടയിലും മരണഭീതിയിലുമാണ്. മദ്യപാനാശക്തി, തീഷ്ണവികാരം, സന്തോഷാശക്തി ഇവയാൽ അവൻ പാഴായി പോയിരിക്കുന്നു. (ആത്മീയതയ്ക്ക് നേരെ ഉണ്ടാകേണ്ട ആ ശക്തി ഭൗതികതയ്ക്കായി തിരിച്ചുവിട്ടിരിക്കുന്നു) അങ്ങനെ അവൻ പാഴ്വസ്തുവായി മാറുന്നു) അവന്റെ മതം ഇന്ന് ഗ്രന്ഥത്തിൽ മാത്രമാണ് ജീവിക്കുന്നത്, അവൻ ഇന്ന് സ്വയം ശ്മശാനത്തിൽ ജീവിക്കുന്നു. പ്രാർത്ഥനയ്ക്കും, വ്യതാനുഷ്ഠാനത്തിനും, മറ്റു ഇസ്ലാമിക സത്കർമ്മങ്ങൾക്കും വേണ്ടിയുള്ള ആത്മാവ് അവന്റെ ശരീരം വിട്ടുപോയിരിക്കുന്നു. വ്രതാനുഷ്ഠാനവും പ്രാർത്ഥനയും നഷ്ടപ്പെട്ട ആത്മാവ്, അക്കാരണത്താൽ, വ്യക്തി ഐക്യപ്പെടാൻ കഴിയാത്താവനായി, ജനം അച്ചടക്കമില്ലാത്തവരായി, ഖുർആന്റെ ചൂടേല്ക്കാതെ ഹൃദയങ്ങൾ ശൂന്യങ്ങളായിതീർന്നു. ഇത്തരം ആളുകളിൽ നാം എങ്ങനെയാണ് പുരോഗതിക്കായി പ്രതീക്ഷവെയ്ക്കുവാൻ കഴിയുന്നത് ? യാ, അല്ലാഹ് ! മുസ്ലിംകൾ അവരുടെ സ്വത്വത്തെകയ്യൊഴിഞ്ഞിരിക്കുന്നു. നീ അവരുടെ കൈപിടിക്കേണമെ ! അവരുടെ തലയ്ക്കമേൽ വെള്ളം വന്നിരിക്കുകയാണ്.

നമസ്ക്കാരത്തിലെ സുജൂദ് ഭൂമിയെ പ്രകമ്പടനം കൊള്ളിക്കുന്നതാണ്. സൂര്യനെയും ചന്ദ്രനെയും അതിന്റെ ദിശവിട്ട് ചലിപ്പിക്കുന്ന നിലയിൽ ശക്തവുമാണ്. ഈ സുജൂദിന്റ അർത്ഥം അവർ അന്വേഷിച്ച് അറിഞ്ഞിരുന്നുവെങ്കിൽ കല്ലുകൾ അന്തരീക്ഷത്തിൽ പുകയായി അപ്രത്യക്ഷമാകുമായിരുന്നു. ഇപ്പോൾ മുസ്ലിംകൾക്ക് വിനയം എന്താണെന്നറിയില്ല. അവനിൽ ഇപ്പോൾ ഒന്നും ഇല്ല. വാർദ്ധക്യത്തിന്റെ ദൗർബല്യമല്ലാതെ □! സുജൂദിന്റെ സമയത്ത് ഉച്ചരിക്കുന്ന വാക്കുകളുടെ മഹത്വം ആർക്കാണന്നറിയാവുന്നത് ? എന്റെ രക്ഷിതാവ് പരമോന്നതനാണ് പരിശുദ്ധനാണ്.

നമ്മുടെ കുറ്റം കൊണ്ടല്ലേ ഇങ്ങനെ സംഭവിച്ചിരിക്കുന്നത്. അല്ലെങ്കിൽ ഈ വാക്കുകളിൽ എന്തോ പന്തികേടുണ്ടെന്ന് (അല്ലാഹുകാകട്ടെ) വിശ്വസിക്കുന്നു. ഓരോത്തരും അവരവരുടെ പാതയിൽ അതിശീഘ്രം പായുകയാണ്. ലാഗാനില്ലാത്ത മലയിലൂടെ ലക്ഷ്യമില്ലാതെ അലയുക യാണ് നാം. ഖുർആൻ കയ്യിലുണ്ട്. അതിന്റെ അന്വേഷണത്തിന് ഒരു ഉത്സാഹവുമില്ല; അതൊരു അത്ഭുതകരമായ കാര്യം തന്നെ ! രക്ഷകനായ അല്ലാഹു നിങ്ങൾക്കൊരു ദർശനം നല്കി അനു ഗ്രഹിച്ചിരുന്നുവെങ്കിൽ നമ്മുടെ മുൻപിലൂടെ കടന്നു പോകുന്ന സമയങ്ങളെകുറിച്ചു ചിന്തി ക്കുക. ലക്കില്ലാത്ത ചിന്തകൾ, മരണമടഞ്ഞ ഹൃദയങ്ങൾ, ലജ്ജാരഹിതനയനങ്ങൾ, ഭാവനക ളിൽ മുങ്ങിക്കിടക്കുന്നു ; ശാസ്ത്രവും കലയും, മതവും രാഷ്ട്രിയവും, ബൗദ്ധികതയും ചിന്തയും എല്ലാമെല്ലാം ഭൗതികതയ്ക്ക് ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു.

യുവജനങ്ങളുടെ ചുണ്ടുകൾ ദാഹാർത്തങ്ങളാണ്! എന്നാൽ അവരുടെ പാനപാത്രം ശൂന്യമാണ് ! അവരുടെ മുഖങ്ങൾ തേച്ചുമിനുക്കിയിരിക്കുന്നു. എന്നാൽ ആത്മാക്കൾ കരുവാ ളിച്ചതും □! ബൗദ്ധികത പ്രകാശിക്കുന്നുവെങ്കിലും കാഴ്ച മങ്ങിയതാണ്. നിശ്ചയദാർഢ്യവും പ്രതീക്ഷയുമറ്റ ജീവിതങ്ങൾ ! യുവജനങ്ങളുടെ മുമ്പിൽ അവർ ഒന്നും കാണുന്നില്ല. അവർ നിസ്സാരജീവികളാണ്. അവർ സ്വയം നിഷേധിക്കുന്നു ; മറ്റുള്ളവരിൽ വിശ്വാസമർപ്പിക്കുന്നു.

അല്ലയോ എന്റെ അനുചരന്മാരെ ! നിങ്ങൾ എല്ലായ്പോഴും നിങ്ങളുടെ പ്രവർത്തിക ളിൽ ആത്മാർത്ഥതയുള്ളവരായിരിക്കുക. രാജാക്കന്മാരിൽ നിന്നുള്ള ഭയത്തിൽ നിന്നും നിങ്ങൾ സ്വയം മുക്തരാവുക. വലിയ അധികാര കേന്ദ്രങ്ങളെന്നും അധികാര ശാലികളെന്നും പറയപ്പെ ടുന്നവരിൽ നിന്നും രക്ഷപ്പെടുക. അലംഭാവത്താലോ, കോപത്താലോ നീതി വേണ്ടെന്നു വയ്ക്ക രുത്. നിങ്ങൾ പണക്കാരനായാലും ശരി, പാപപ്പെട്ടവനായാലും ശരി, നിങ്ങൾ മാന്യമായി പെരു മാറുക. സന്മാർഗ്ഗ പ്രമാണം വളരെ പ്രയാസകരമാണ്, ബുദ്ധിരഹിതമായി അതിനെ വ്യാഖ്യാനി ക്കുവാൻ ശ്രമിക്കരുത്. നിങ്ങളുടെ ഹൃദയങ്ങളിലേക്കല്ലാതെ മറ്റെങ്ങോട്ടും അതടിച്ചുനോക്കരു ത്. ആത്മാക്കളുടെ പിന്താങ്ങൽ ദൈവസ്മരണയും ദൈവചിന്തയുമാകുന്നു. ശരീരങ്ങളുടെ പിന്താങ്ങൽ യുവത്വ സമയത്ത് സ്വയം അതിനെ ആദരിക്കുക എന്നതാണ്. ഈ ലോകത്തും, മറുലോകത്തും, അധികാരം ലഭ്യമാകുന്നത് ശരീരത്തിനെയും ആത്മാവിനെയും നന്നാക്കുന്ന തിലൂടെയാണ്. യാത്രാലക്ഷ്യം ചിന്താസന്തോഷമാണ്. (അതായത് സമാനതകളില്ലാത്ത സൃഷ്ടാ വായ ദൈവത്തെക്കുറിച്ചുള്ള ചിന്ത) മതത്തിന്റെ രഹസ്യം സത്യം പറയുക എന്നതാണ്, നിരോ ധിത ഭക്ഷണത്തിൽ നിന്നും മാറി നില്ക്കുക എന്നതും ! ഏകാന്തതയും സുഹൃത് വലയവും ദൈവീക സൗന്ദര്യത്തെക്കുറിച്ച് ചിന്തിക്കുവാനുള്ളതാകുന്നു. ദൈവവഴി വജ്രം പോലെ ആയി രിക്കണം, പൊട്ടിക്കാൻ കഴിയരുത്. നിങ്ങളുടെ ഹൃദയങ്ങളെ അല്ലാഹുമായി ചേർത്തു നിർത്തു ക, ധർമ്മബോധത്തോടെ ജീവിക്കുക.

അല്ലാഹുവിനെ തേടിയുള്ള ജ്വലനമായിരിക്കണം മുഴുവൻ ദീനും. ഇതിന്റെ അവസാനം സ്നേഹമാകുന്നു ; ഇതിന്റെ ആരംഭം മര്യാദയാകുന്നു. റോസാപൂവിന്റെ മഹത്വം അതിന്റെ നിറവും അതിന്റെ സുഗന്ധവുമാകുന്നു. മര്യാദ ഇല്ലാത്തവൻ, മാന്യതയില്ലാത്തവനാണ് ; നിറവും മണവുമില്ലാത്ത റോസാപൂവ്പോലെ ! നല്ല പെരുമാറ്റരീതിയില്ലാത്ത ഒരു യുവാവിനെ കാണുമ്പോൾ, എന്റെ പകൽ ഇരുൾ മൂടുന്നു. എന്റെ ഹൃദയം അക്ഷമയാലും കോപത്താലും നിറയുന്നു. എന്റെ പ്രിയ പ്രവാചകൻ (സ) യുടെ കാലത്തെകുറിച്ച് ഞാൻ ഓർക്കുന്നു, ഞാൻ ജീവിക്കുന്ന ഈ കാലഘട്ടത്തെകുറിച്ച് ഞാൻ സങ്കടപ്പെടുകയാണ്. (ഇത്തരം ഒരു കാലഘട്ടത്തിൽ അല്ലാഹു (ത) എന്തിനാണ് എന്നെ ഉയർത്തിയതെന്ന് ഏറ്റവും നന്നായി അറിയുന്നവൻ അവനാകുന്നു) കഴിഞ്ഞുകടന്ന ആ സുന്ദരമായ നൂറ്റാണ്ടുകളുടെ പുനഃസംഗമം ഉണ്ടാകുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്ത്രീക്ക് സുരക്ഷിതത്വം നല്കേണ്ടത് അവളുടെ ഭർത്താവാണ്. അതുപോലെ തിരിച്ചും ! അതോ ശവകുടിരത്തിലെ മണ്ണോ ? പുരുഷന്മാരുടെ സുരക്ഷിതത്വത്തിന്, മോശം സുഹൃത്തുകളെ ഉപേക്ഷിക്കുക എന്നതു മാത്രമാണ് വഴി. മോശം വാക്കുകൾ പറയുന്നത് പാപമാണ്. ദുർവൃത്തനും (അവിശ്വാസി) വിശ്വാസിയും രണ്ടും അല്ലാഹുവിന്റെ സൃഷ്ടികൾ തന്നെ ! മാനവികത എന്നത് മനുഷ്യനെ ആദരിക്കലാണ്. ആയതിനാൽ അവന്റെ മഹത്വം അറിയുക. മാനുഷിക ഐക്യമാണ് നിങ്ങളെ ഒരു മനുഷ്യനായി മാറ്റുന്നത്. ആയതിനാൽ സൗഹൃദപാതയിൽ സഞ്ചരിക്കുക ; (ഇസ്ലാമിക സാഹോദര്യം) എന്നതിന്റെ അർത്ഥം സമാധാന സഹോദര്യം എന്നർത്ഥം !

സ്നേഹദാസന് ദൈവത്തിൽ നിന്നും അവന്റെ പാതയുടെ സൂചന ലഭിക്കുന്നു. വിശ്വാസികളെ പോലെ ദുർവൃത്തനും സ്നേഹവാത്സല്യം നല്കുന്ന സുഹൃത്തായി അവൻ മാറുന്നു. ദുർവൃത്തി ഉപേക്ഷിക്കുക, സത്വൃത്തി സ്വീകരിക്കുക, ദൈവീക സ്നേഹത്തിനായി ദാഹിക്കുന്നവനെപോലെ ദൈവീക സ്രോതസ്സിൽ നിന്ന് പാനം ചെയ്യുക. ഈ ലോക കാര്യങ്ങളുടെ തടവറയിലാണ് ഹൃദയമെങ്കിലും, അതിന്റെ ചക്രവാളങ്ങൾ നിറയെ ഹൃദയ വിജ്ഞാനങ്ങളാണ്. നിങ്ങളൊരു പണക്കാരനാണെങ്കിൽ പോലും അവനുമായുള്ള ബന്ധം വിച്ഛേദിക്കരുത് ; നിങ്ങൾ ആ ധനത്തിന് കീഴടങ്ങരുത്. അതിന്റെ ജ്വാല നിങ്ങളുടെ ആത്മാക്കളെകൂടാതെ, ഉറക്കം വരുത്തിയേക്കാം. ഈ പഴകിയ വിത്ത് നിങ്ങളുടെ മുൻഗാമികളുടെ കാലം മുതലെ നിലനില്ക്കുന്നതാണ്. ഹൃദയത്തിന്റെ അഭിലാഷം മാത്രം ഈ ലോകത്ത് നിങ്ങൾ തേടുക. അതായത് അല്ലാഹുവിനോട് മാത്രമാണ് തേടേണ്ടത്. സുൽത്താനോടോ / രാജാവിനോടോ അല്ലെങ്കിൽ മറ്റാരോടെങ്കിലുമോ അല്ല ! അയ്യോ കഷ്ടം ! അല്ലാഹുവിനെ മനുഷ്യൻ എങ്ങനെ ഭയപ്പെടാനാണ് ? അവൻ കനിഞ്ഞു നല്കിയ ദർശനശക്തി, ഭൗതിക സാധനങ്ങൾ ഇവ കണ്ട് അന്ധമായി പോയിരിക്കുന്നു. ഭൗതിക സാധന സാമഗ്രികളുടെ ആധിക്യം, ഹൃദയത്തിൽ നിന്നും അതിന്റെ ചൂട് നീക്കം ചെയ്തിരുക്കുന്നു. അത് സുഖാനുഭൂതികൾ കൊണ്ടുവന്നിരിക്കുന്നു. അല്ലാഹു (ത) എനിക്ക് അനുവദിച്ചുതന്ന കഴിഞ്ഞ കുറെ വർഷങ്ങളിലെ ലോകയാത്രയിലൂടെ എനിക്ക് കാണാൻ കഴിഞ്ഞത്, പണക്കാരാനായ ആളുകളുടെ വളരെകുറച്ചു കണ്ണുനീർമാത്രമാണ്.

പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ (സ) യുടെ ജീവിത രീതി അനുസരിച്ച് എന്റെ ജീവിതം സമർപ്പിക്കുവാൻ ഞാൻ എത്ര മാത്രം ആഗ്രഹിക്കുന്നുവെന്നറിയാമോ ? പദവിയിൽ ശ്രേഷ്ഠൻ, ഹൃദയനൈർമല്യത്തിന്റെ ഉടമ, ലോകത്തിലെ സാത്താന്മാർക്കെതിരിലും , സ്വന്തം നഫ്സിനെതിരിലും അദ്ദേഹം നടത്തിയ പോരാട്ടം ; തന്റെ സ്നേഹഭാജനമായ അല്ലാഹുവിലേക്ക് തന്റെ ആത്മാവിനെ പറത്തിവിടുന്നതിനായി നടത്തിയ നിഷ്കളങ്ക പ്രവർത്തനങ്ങൾ ! ഭൗതിക ദാരിദ്ര്യമാകുന്ന ആഭരണമണിഞ്ഞു തന്റെ പ്രീയതമന്റെ അരികിലെത്തുന്നതിനായി. ഈ പ്രവാചക ശ്രേഷ്ഠന്റെ പാത പിന്തുടരാത്തവർക്കു ലഭ്യമാകുന്ന മഹാനാശമെ ! അല്ലാഹുവിൽ നിന്നും ദൂരപ്പെട്ടു പോകുന്നവരുടെ ദൗർഭാഗ്യമെ ! ഇപ്പോഴത്തെ മുസ്ലിംകൾ, ഈ ആത്മീയ സായൂജ്യം അന്വേഷിക്കുന്നവരല്ല ഈ തീവ്രമായ പഴയ ഇച്ഛാശക്തി ! പണ്ട് ഉണ്ടായിരുന്ന ഉത്സാഹം, തീവ്രമായ വികാരം, ദാഹം, ആ സുഗന്ധം, ആ നിറം, ആ ദൃഢവിശ്വാസം അന്വേഷിക്കുന്നില്ല. ഇപ്പോൾ പണ്ഡിതന്മാർക്ക് ഖുർആനിക ശാസ്ത്രം ആവശ്യമില്ല. അല്ലാഹുവിന്റെ മതത്തിന് അവരുടേതായ വ്യാഖ്യാനം നല്കുകയാണ്, അതിനെയാണ് അവർ ആശ്രയിക്കുന്നത്, അവർ ആക്രമണകാരികളായ ചെന്നായ്ക്കളെപോലെയും പരുഷ പ്രകൃതിയുള്ള ജീവികളെപോലെയുമായിരിക്കുന്നു.

എന്റെ അനുയായികളായിട്ടുള്ളവരെ, ഞാൻ പറയുന്നത് ശ്രദ്ധിക്കുന്നവരെ, ഇത് നിങ്ങളുടെ ഉത്തരവാദിത്വമാണ്, ഭൗതിക തടസ്സങ്ങളെ തട്ടിമാറ്റി, വ്യർത്ഥമായ ഇച്ഛകളെ കയ്യൊഴിയുക, കാരണം ഇതു നമ്മെ സൃഷ്ടാവിൽ നിന്നും അകറ്റുന്നതാണ്. സാത്താൻ ധാർമ്മികതയില്ലാത്ത ഒരു ജീവിയാണ്; അവൻ എപ്പോഴും അസൂയയെ ജ്വലിപ്പിക്കുന്നതാണ്. അവന് ദൈവത്തിന്റെ സ്നേഹത്തിലേക്ക് നോക്കുവാൻ സാധിക്കുകയില്ല. ദൈവ സ്നേഹം അവൻ നിങ്ങൾക്ക് നല്കിയിരിക്കുന്നു. ആയതിനാൽ അസൂയയിൽ നിന്നും മുക്തമാവുക ; ദൈവവുമായി ചേർന്ന് നില്ക്കുക. അവനാണ് നിങ്ങൾക്കെല്ലാം നല്കിയിരിക്കുന്നത്. നിങ്ങളുടെ ആത്മാവിന്റെ രക്ഷ അവനിൽ മാത്രമാണ് . നിങ്ങളുടെ ഹൃദയത്തിന്റെ സ്വർഗ്ഗവും അവൻ തന്നെ. അവനിൽ ഭരമേല്പിക്കുക, അവന്റെ കല്പനകളും പ്രവാചകന്മാരുടെ കല്പനകളും അനുസരിക്കുക. ഇൻശാ അല്ലാഹ് ! ആമീൻ.

**Translated by:**
**R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**